(ബി) ഇതിലെ അംഗങ്ങളാരെല്ലാമാണ് എന്ന് അറിയിക്കുമോ ;

(സി) സംവരണം പുനർ നിർണ്ണയിക്കാൻ ഈ കമ്മീഷന് അധികാരം നൽകുന്നുണ്ടോ ;

(ഡി) എങ്കിൽ ഇതിനായി കമ്മീഷൻ ആധാരമാക്കുന്ന കാര്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2-2-2006-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 08/06/പജപവവിവ പ്രകാരം, ബന്ധപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥരും അംഗങ്ങളായി ഒ.ബി.സി. സംവരണം പൂർണ്ണമായും പാലിക്കുന്നത് ഉറപ്പുവരുത്തുവാൻ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കാര്യത്തിൽ നിലവിലുള്ളതുപോലെ മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഒരു ഉന്നതതല മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനും ജനസംഖ്യയും സാമൂഹ്യ പിന്നോക്കാവസ്ഥയും നിലവിലുള്ള സംവരണ സമുദായങ്ങളുടെ പ്രാതിനിധ്യവും പരിഗണിച്ച് സംവരണം പുനർനിർണയം ചെയ്യാൻ ഇന്ദിരാസാഹ്നി കേസിലെ സുപ്രീംകോടതി വിധിയുടെ നിർദ്ദേശം അനുസരിച്ച് സ്ഥിരം കമ്മീഷനെ നിയമിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി—ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

തസ്തികകൾ വെട്ടിക്കുറയ്ക്കുന്ന നടപടി

42 [851] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-2001 സാമ്പത്തിക വർഷത്തിൽ വിവിധ വകുപ്പുകളിലായി ആകെ എത്ര ജീവനക്കാരുണ്ടായിരുന്നു എന്നതിന്റെ വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) 2005-2006 വർഷത്തിൽ ഓരോ വകുപ്പിലും എത്ര ജീവനക്കാർ വീതമാണ് ഉള്ളതെന്ന് അറിയിക്കാമോ ;

(സി) ജീവനക്കാരുടെ എണ്ണത്തിലുള്ള വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) ഇക്കാലയളവിൽ സംസ്ഥാന സർക്കാരിന്റെ ഏതൊക്കെ വകുപ്പുകളിൽ ഏതൊക്കെ തസ്തികകളിലായി എത്ര ജീവനക്കാരുടെ തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly